## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : **2820** 19/06/2014-ൽ മറുപടിയ്ക്ക്

### കേന്ദ്ര സർക്കാരിന്റെ പുതിയ ലാന്റ് അക്വിസിഷൻ ആക്ട് നിലവിൽ വന്നതിനു ശേഷമുള്ള സാഹചര്യം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. എം. ആരിഫ് | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
| (എ) കേന്ദ്ര സർക്കാരിന്റെ പുതിയ ലാന്റ് അക്വിസിഷൻ ആക്ട് എന്നാണ് നിലവിൽ വന്നത് ; | (എ) കേന്ദ്ര സർക്കാർ ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച് പുറപ്പെടുവിച്ച പുതിയ **Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013** 01-01-2014 മുതൽ രാജ്യത്ത് നിലവിൽ വന്നു. |
| (ബി) ഈ ആക്ട് നിലവിൽ വന്നതിനെ തുടർന്ന് കേരളത്തിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ നിലച്ചിരിക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കേന്ദ്ര ആക്ടിനനുസരിച്ചുള്ള റൂൾ ഉണ്ടാക്കാത്തതുകൊണ്ടാണോ ഭൂമി ഏറ്റെടുക്കാൻ നടപടികൾ നിലച്ചിരിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | (ബി) ഇതുവരെ നിലവിലുണ്ടായിരുന്ന 1894-ലെ പൊന്നുംവില നിയമം പുതിയ നിയമപ്രകാരം റദ്ദാക്കിയതിനാൽ 01-01-2014 മുതൽ പുതിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ രൂപീകരിക്കുന്ന ചട്ടങ്ങൾ അനുസരിച്ചു മാത്രമേ ഭൂമി ഏറ്റെടുക്കൽ നടത്താൻ കഴിയുകയുള്ളൂ. നമ്മുടെ സംസ്ഥാനത്ത് മാത്രമല്ല രാജ്യത്തെങ്ങും ഭൂമി ഏറ്റെടുക്കൽ നടപടികൾ തുടങ്ങുന്നതിന് ഈ ആക്ടിന്റെ അടിസ്ഥാനത്തിൽ പരിമിതികളുണ്ട്. പുതിയ ആക്ടിന്റെ അടിസ്ഥാനത്തിലുള്ള ചട്ടങ്ങൾക്ക് രൂപം നൽകാൻ സംസ്ഥാന സർക്കാർ ഒരു വിദഗ്ധ |

സമിതി രൂപീകരിക്കുകയും ടി
സമിതി പ്രവർത്തങ്ങൾ നടത്തി
ക്കൊണ്ടിരിക്കുകയുമാണ്. റവന്യൂ
പ്രിൻസിപ്പൽ സെക്രട്ടറിയും ചീഫ്
സെക്രട്ടറിയും ഈ സമിതിയുടെ
പ്രവർത്തനം നിരീക്ഷിക്കുന്നുണ്ട്.
ചട്ടങ്ങൾ രൂപീകരിക്കാതെ
പുതിയ ലാന്റ് അക്വിസിഷൻ
നടപടികൾ ആരംഭിക്കാൻ നിർവ്വാ
ഹമില്ല. എന്നാൽ നിലവിൽ
നടന്നുകൊണ്ടിരിക്കുന്ന ഭൂമി
ഏറ്റെടുക്കൽ നടപടികൾ പൂർത്തീ
കരിക്കുന്നതിനായി 04-03-2014-ൽ
864/ബി1/2014 സർക്കുലർ മുഖാ
ന്തിരം സർക്കാരും ഇതിന്
തുടർച്ചയായി 20-05-2014-ൽ ലാന്റ്
റവന്യൂ കമ്മീഷണറും ആവശ്യ
മായ നിർദ്ദേശങ്ങൾ ബന്ധ
പ്പെട്ടവർക്ക് നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ